2024
MAY
06
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## നികുതി വർധന: സർക്കാരിന്റെ വരുമാനത്തിൽ 10,302 കോടിയുടെ ഇടിവ്



**തിരുവനന്തപുരം:** കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാന സർക്കാരിന്റെ വരുമാനത്തിൽ മുൻവർഷത്തെക്കാൾ സർക്കാരിന്റെ കെടുകാര്യസ്ഥത മൂലം 10,302 കോടി രൂപയുടെ ഇടിവെന്ന് അക്കൗണ്ടന്റ് ജനറലിന്റെ കണക്ക്.

ജി എസ് ടി, വിൽപന നികുതി, ലോട്ടറി, മദ്യം തുടങ്ങിയവയിൽനിന്നുള്ള വരുമാനം വർധിച്ചെങ്കിലും കേന്ദ്ര ഗ്രാന്റുകളും സംസ്ഥാനസർക്കാർ പിരിക്കുന്ന സ്റ്റാംപ് ഡ്യൂട്ടിയും കുറഞ്ഞു. കേന്ദ്ര ഗ്രാന്റിൽ ഒറ്റയടിക്ക് 15,904 കോടിയുടെ കുറവാണുണ്ടായത്.

ജിഎസ്ടി വരുമാനം 2071 കോടി വർധിച്ചെങ്കിലും ലക്ഷ്യമിട്ടതിന്റെ 84% മാത്രമാണിത്. ലോട്ടറി അടക്കമുള്ള നികുതി ഇതര വരുമാന സ്രോതസ്സുകളിൽ 1197 കോടിയുടെ വർധനയുണ്ട്. എന്നാൽ, ഭൂമിയുടെ ന്യായവിലയിൽ 20% വർധന വരുത്തിയതുകാരണം സ്റ്റാംപ് ഡ്യൂട്ടിയിൽനിന്നും റജിസ്ട്രേഷൻ ഫീസിൽനിന്നുമുള്ള വരുമാനം 522 കോടി കുറഞ്ഞു.

ഓരോ വർഷവും വരുമാനം വർധിച്ചുവരുന്ന രീതിക്കാണു ന്യായവില വർധന തടസ്സമായത്. തിരിച്ചടി തിരിച്ചറിഞ്ഞ് ഇക്കൊല്ലം ബജറ്റിൽ സർക്കാർ ന്യായവില വർധന ഒഴിവാക്കിയിരുന്നു.

കേന്ദ്രം വൻതോതിൽ കടമെടുപ്പു വെട്ടിക്കുറച്ചെന്നു സർക്കാർ പരാതിപ്പെടുമ്പോഴും മുൻവർഷത്തെക്കാൾ 7389 കോടി രൂപ കൂടുതൽ കഴിഞ്ഞവർഷം കടമെടുത്തു. 2022, 23ൽ 25,587 കോടിയും കഴിഞ്ഞ വർഷം 32,976 കോടിയുമാണു സംസ്ഥാന സർക്കാർ കടമെടുത്തത്. ചെലവ് മുൻവർഷത്തെക്കാൾ 3103 കോടി രൂപ കുറയ്ക്കാനായി. സർക്കാരിന്റെ വരവും ചെലവും തമ്മിലെ അന്തരം 32,976 കോടി രൂപയാണ്.

## ഇസ്രയേലിലെ അൽ ജസീറ സംപ്രേക്ഷണം നിർത്തിച്ചു

**ഭീകരർക്കനുകൂലമായി വാർത്തകൾ നല്കുന്നുവെന്നുവെന്നും ദേശസുരക്ഷയ്ക്ക് ഭീഷണിയാണെന്നും വ്യക്തമാക്കിയാണ് ഈ തീരുമാനം**




**ജോർദാൻ:** അൽ ജസീറയുടെ ഓഫീസായി ഉപയോഗിച്ചിരുന്ന ജറുസലേമിലെ ഹോട്ടൽ മുറിയിൽ റെയ്ഡ്. ഇസ്രയേലിൽ അൽ ജസീറയുടെ ഇംഗ്ലീഷ്, അറബി ചാനലുകൾക്ക് പ്രവർത്തനനുമതി വിലക്കിയതിന് പിന്നാലെയാണ് നടപടി.

ഹോട്ടൽ മുറിയിൽ ഉദ്യോഗസ്ഥർ കാമറ ഉപകരണങ്ങൾ പൊളിച്ചു മാറ്റുന്നതിന്റെ വീഡിയോ ഓൺലൈനിൽ വ്യാപകമായി പ്രചരിക്കുന്നുണ്ട്. അൽ ജസീറ ഭീകരർക്കനുകൂലമായി വാർത്തകൾ നല്കുന്നുവെന്നുവെന്നും ദേശസുരക്ഷയ്ക്കു ഭീഷണിയാണെന്നും വ്യക്തമാക്കിയാണ് കാബിനറ്റ് ഈ തീരുമാനം കൈക്കൊണ്ടത്.

അൽ ജസീറയ്ക്ക് പൂട്ടിടുന്ന കാര്യം എക്സിലൂടെയാണ് ബെഞ്ചമിൻ നെതന്യാഹു അറിയിച്ചത്. 'ഇസ്രയേലിൽ അൽ ജസീറയുടെ പ്രവർത്തനം നിർത്തുന്നു, ഇത് സർക്കാരിൻറെ ഏകകണ്ഠമായ തീരുമാനമാണ്'. നെതന്യാഹു എക്സിൽ കുറിച്ചു.

ഹമാസ് ഭീകരർക്ക് ഇസ്രയേലിൽ അഭിപ്രായസ്വാതന്ത്ര്യം ഉണ്ടാകില്ലെന്ന് ഇസ്രയേൽ മന്ത്രി സ്ലോമോ കാർഹി നെതന്യാഹുവുമായി ചേർന്നുള്ള സംയുക്ത പ്രസ്താവനയിൽ പറഞ്ഞു. അൽ ജസീറ ഉടൻതന്നെ പൂട്ടി ഉപകരണങ്ങൾ കണ്ടുകെട്ടുമെന്നും മന്ത്രി അറിയിച്ചിരുന്നു.

അതേസമയം, ഈ നീക്കം ക്രിമിനൽ നടപടിയാണെന്നും തങ്ങൾക്കെതിരെയുള്ള ആരോപണം അപകടകരവും പരിഹാസ്യവുമായ നുണയാണെന്നും അൽ ജസീറ പ്രതികരിച്ചു. 140ലധികം പലസ്തീൻ മാധ്യപ്രവർത്തകർക്ക് ഗാസയിലെ യുദ്ധത്തിൽ ജീവൻ നഷ്ടമായെന്നും മാധ്യപ്രവർത്തകരെ ലക്ഷ്യംവെക്കുന്നത് കുറ്റകരമാണെന്നും അൽ ജസീറ ചൂണ്ടിക്കാട്ടുന്നു.

## ഉള്ളി കയറ്റുമതി നിരോധനം പൂർണമായും നീക്കി കേന്ദ്രം



**ന്യൂഡൽഹി:** രാജ്യത്തെ ഉള്ളി കയറ്റുമതി നിരോധനം പൂർണമായും നീക്കി കേന്ദ്ര സർക്കാർ. ഉള്ളിയുടെ ഏറ്റവും കുറഞ്ഞ കയറ്റുമതി നിരക്ക് ടണ്ണിന് 550 ഡോളറായി നിശ്ചയിച്ചിട്ടുമുണ്ട്. മഹാരാഷ്ട്ര ഉൾപ്പെടെ ഉള്ളി കർഷകർ ധാരാളമുള്ള മേഖലയിൽ ലോക് സഭാ തെരഞ്ഞെടുപ്പു അടുക്കുന്നതിനിടെയാണ് കേന്ദ്രസർക്കാരിൻറെ പുതിയ തീരുമാനമെന്നത് ശ്രദ്ധേയമാണ്. വിദേശ വ്യാപാര ഡയറക്റ്ററേറ്റ് ജനറലാണ് ( ഡിജിഎഫ്ടി) വിലക്ക് നീക്കിക്കൊണ്ടുള്ള വിജ്ഞാപനം പുറത്തു വിട്ടത്. കഴിഞ്ഞ ദിവസം ധനകാര്യമന്ത്രാലയം 40 ശതമാനം കയറ്റുമതി ചുങ്കം ഏർപ്പെടുത്തിയിരുന്നു.

കയറ്റുമതി വിലക്ക് നീക്കുന്നതോടെ കർഷകരുടെ വരുമാനത്തിൽ കാര്യമായ വർധനവുണ്ടാകും. കഴിഞ്ഞ വർഷം ഡിസംബർ 8നാണ് ചില്ലറ വിൽപ്പന വില നിയന്ത്രിക്കുന്നതിൻറെ ഭാഗമായി സർക്കാർ ഉള്ളി കയറ്റുമതി നിരോധിച്ചത്. ഉള്ളി ഉത്പാദനം കുറയാനുള്ള സാധ്യത മുൻനിർത്തിയായിരുന്നു തീരുമാനം. കഴിഞ്ഞ 45 വർഷങ്ങളിലായി ഓരോ വർഷവും 17 ലക്ഷം മുതൽ 25 ലക്ഷം വരെ ടൺ ഉള്ളിയാണ് ഇന്ത്യ കയറ്റുമതി ചെയ്തിരുന്നത്. മഹാരാഷ്ട്രയിലെ

നാസിക്, അഹമ്മദ് നഗർ, സോലാപുർ തുടങ്ങി ഉള്ളി കൃഷിയുടെ പ്രധാന മേഖലകൾ പൊതു തെരഞ്ഞെടുപ്പിന് ഒരുങ്ങുകയാണ്. എന്നാൽ റാബി സീസണിൽ ഉള്ളി വില 191 ലക്ഷം ടണ്ണായി ഉയരുമെന്ന വിലയിരുത്തലിനെത്തുടർന്നാണ് കയറ്റുമതി വിലക്ക് നീക്കുന്നതെന്നാണ് കേന്ദ്ര സർക്കാരിൻറെ വിശദീകരണം.

ഉന്നത സംഘം ഉള്ളികൃഷി ധാരാളമായുള്ള മേഖലകളിൽ നേരിട്ട് ചെന്ന് വിലയിരുത്തിയതിനു ശേഷം ഓഹരി ഉടമകൾ അടക്കമുള്ളവരുമായി വിശദമായ ചർച്ച നടത്തിയാണ് വിലക്ക് നീക്കിയതെന്നും കൺസ്യൂമർ അഫയേഴ്സ് സെക്രട്ടറി നിധി ഖാരെ വ്യക്തമാക്കി. ഉള്ളി കയറ്റുമതി വിലക്ക് കോൺഗ്രസ് ബിജെപിക്ക് എതിരേയുള്ള പ്രചാരണായുധമാക്കി മാറ്റിയിരുന്നു. അതിനിടെയാണ് കേന്ദ്രത്തിൻറെ അപ്രതീക്ഷിത നീക്കം.






# എ.എസ്.ജി ഐ ഹോസ്പിറ്റൽസ് വാസൻ ഐ കെയറിനെ ഏറ്റെടുക്കുന്നു

**കൊച്ചി:** പ്രമുഖ നേത്ര പരിചരണ ആശുപത്രി ശ്യംഖലയായ എ.എസ്.ജി ഐ. ഹോസ്പിറ്റൽസ് വാസൻ ഐ കെയറിനെ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയായി.

കേരളത്തിലെ വാസൻ ആശുപത്രികൾ ഇനി മുതൽ എ.എസ്.ജി വാസൻ ഐ ഹോസ്പിറ്റൽസ് എന്ന പേരിൽ അറിയപ്പെടുമെന്ന് കൊച്ചിയിൽ നടന്ന വാർത്താ സമ്മേളനത്തിൽ അധികൃതർ അറിയിച്ചു. ഇതോടെ ഇന്ത്യയിലെമ്പാടുമായി 150 ശാഖകളും 600 ലധികം നേത്രരോഗ വിദഗ്ധരുമായി രാജ്യത്തെ മുൻനിര നേത്ര പരിചരണ ആശുപത്രി ശ്യംഖലയായി എ.എസ്.ജി. ഐ ഹോസ്പിറ്റൽസ് മാറി. 21 സംസ്ഥാനങ്ങളിലെ 83 നഗരങ്ങളിലാണ് എ.എസ്.ജിയുടെ സാന്നിധ്യമുള്ളത്.നേത്യ പരിചരണവുമായി ബന്ധപ്പെട്ട സമഗ്രമായ സേവനങ്ങളാണ് എ.എസ്.ജി. വാസൻ ഐ കെയർ ഹോസ്പിറ്റൽസ് വാഗ്ദാനം ചെയ്യുന്നത്.തിമിര ശസ്ത്രക്രിയ, റിഫ്രാക്റ്റീവ് സർജറി, കാഴ്ച പുനരധിവാസ സേവനങ്ങൾ, ന്യൂറോഓഫ്താൽമോളജി, യുവെയ്റ്റിസ്, റെറ്റിന, ഗ്ലോക്കോമ, കോർണിയ, ഒക്യുലോപ്ലാസ്റ്റി തുടങ്ങിയ സേവനങ്ങളെല്ലാം താങ്ങാനാകുന്ന ചിലവിൽ ലഭ്യമാക്കുമെന്നും ഇതോടൊപ്പം എല്ലാ കേന്ദ്രങ്ങളിലും അടിയന്തര നേത്രചികിത്സകൾ ഉൾപ്പെടെ 24 മണിക്കൂർ സേവനവും രോഗികൾക്കായി പ്രത്യേക പരിചരണവും വാഗ്ദാനം ചെയ്യുന്നുണ്ടെന്നും അധികൃതർ വ്യക്തമാക്കി.

തിരുവനന്തപുരം, കോട്ടയം, തൃശൂർ, കോഴിക്കോട് തുടങ്ങിയ കേരളത്തിലെ പ്രധാന ജില്ലകളിലെല്ലാം എഎസ്ജി വാസൻ ഐ കെയറിന്റെ കേന്ദ്രങ്ങൾ ഉണ്ടായിരിക്കും. രോഗികൾക്ക് വേണ്ട ഇൻഷുറൻസ്, എക്സ്സർവീസ്മെൻ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീം തുടങ്ങിയ സേവനങ്ങളും എ.എസ്.ജി വാസൻ ഐ കെയർ ആശുപത്രികളിലുണ്ടാകുമെന്ന് അധികൃതർ അറിയിച്ചു.വാസൻ ഐ. കെയറിന്റെ കൊച്ചി തൃശൂർ മേഖല തിമിര, റിഫ്രാക്ടീവ് ശസ്ത്രക്രിയ വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. സോണി ജോർജിന്റെ നേതൃത്വത്തിൽ സി.എം.ഒ ഡോ. ശ്രീശങ്കർ, മെഡിക്കൽ റെറ്റിന വിഭാഗം വിദഗ്ധ ഡോ. അമിത നായർ, തിമിര, ഗ്ലൂക്കോമ ശസ്ത്രക്രിയ വിദഗ്ധ ഡോ. ഹിമ ജോസ് തുടങ്ങിയവർ ഉൾപ്പെടുന്ന സംഘമാണ് കൊച്ചിയിലെ എ.എസ്.ജി വാസൻ ഐ കെയർ ആശുപത്രിയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഡോ, . സോണി ജോർജ്, ഡോ. ശ്രീശങ്കർ, ഡോ. അമിത നായർ, ഡോ. ഹിമ ജോസ്, റീജിയണൽ ഓപ്പറേഷൻസ് മാനേജർ ഹിമാൻഷു മാഥുർ എന്നിവർ വാർത്താ സമ്മേളനത്തിൽപങ്കെടുത്തു.

# രക്തദാനം:റെക്കോർഡ് നേട്ടവുമായി കോഴിക്കോട് സൈബർപാർക്ക്

**കോഴിക്കോട്:** കോഴിക്കോട് സൈബർപാർക്കിലെ ഐടി കമ്പനി ജീവനക്കാർക്കിടയിൽ നടത്തിയ രക്തദാന ക്യാമ്പിൽ റെക്കോർഡ് നേട്ടം. എംവിആർ ക്യാൻസർ റിസർച്ച് സെൻററിലെ ഡിപ്പാർട്ട്മൻറ് ഓഫ് ട്രാൻഫ്യൂഷൻ മെഡിസിൻ ആൻഡ് സെല്ലുലാർ തെറാപ്പിയുടെ ആറ് വർഷത്തെ ചരിത്രത്തിലെ ഏറ്റവും മികച്ച സംഭരണമാണ് രക്താദാന ക്യാമ്പിലൂടെ നടന്നത്.കാലിക്കറ്റ് ഫോറം ഫോർ ഐടി, സീനോഡ് ടെക്നോളജീസ്, സന്നദ്ധ സംഘടനയായ ഹോപ്പ് എന്നിവയുടെ സഹകരണത്തോടെയായിരുന്നു രക്തദാന ക്യാമ്പ് സംഘടിപ്പിച്ചത്.വളരെ മികച്ച പ്രതികരണമാണ് കോഴിക്കോട് സൈബർപാർക്ക് കമ്പനികളിലെ ജീവനക്കാരിൽ നിന്നും ലഭിച്ചതെന്ന് ഡിപ്പാർട്ട്മൻറ് ഓഫ് ട്രാൻഫ്യൂഷൻ മെഡിസിൻ ആൻഡ് സെല്ലുലാർ തെറാപ്പി വിഭാഗം സീനിയർ കൺസൽട്ടൻറ് ഡോ. നിതിൻ ഹെൻറി പറഞ്ഞു. 121 ബാഗ് രക്തം സംഭരിക്കാൻ കഴിഞ്ഞു. കഴിഞ്ഞ ആറ് വർഷത്തെ പ്രവർത്തനത്തിൽ ഏറ്റവുമധികം രക്തബാഗുകൾ സംഭരിച്ചത് ഇക്കുറിയാണെന്നും അദ്ദേഹം പറഞ്ഞു.ഇത്രയധികം ചെറുപ്പക്കാർ ജോലി ചെയ്യുന്ന സ്ഥലമെന്ന നിലയിൽ സൈബർപാർക്കിൽ നിശ്ചിത ഇടവേളകളിൽ രക്തദാന ക്യാമ്പ് സംഘടിപ്പിക്കാവുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. കലാവസ്ഥാ വ്യതിയാനം പോലുള്ള വിവിധ ഘടകങ്ങൾ കൊണ്ട് ബ്ലഡ് ബാങ്കിലെ സംഭരണം കുറഞ്ഞിരിക്കുന്ന സാഹചര്യമായിരുന്നു. ഈ ഘട്ടത്തിൽ ഇത്തരമൊരു ക്യാമ്പ് സംഘടിപ്പിക്കാൻ അനുവാദം തന്ന കോഴിക്കോട് സൈബർപാർക്കിന് പ്രത്യേക നന്ദി പറയുന്നതായും അദ്ദേഹം പറഞ്ഞു.രക്തദാന ക്യാമ്പിനോട് മികച്ച രീതിയിലാണ് കമ്പനികൾ പ്രതികരിച്ചതെന്ന് സൈബർപാർക്ക് ജനറൽ മാനേജർ വിവേക് നായർ പറഞ്ഞു. രക്തദാനത്തിനായി ചെറുപ്പക്കാർ മുന്നോട്ടു വരുന്നത് പ്രതീക്ഷയുണർത്തുന്ന കാര്യമാണ്. നിശ്ചിത ഇടവേളകളിൽ ഇത്തരം ക്യാമ്പുകൾ സംഘടിപ്പിക്കാനുള്ള നിർദ്ദേശം സ്വാഗതാർഹമാണെന്നും അദ്ദേഹം പറഞ്ഞു.






# ഇന്നോവ ഹൈക്രോസ് പെട്രോൾ ജിഎക്സ് (ഒ) അവതരിപ്പിച്ച് ടൊയോട്ട

**കൊച്ചി:** ടൊയോട്ട കിർലോസ്കർ മോട്ടോർ (ടികെഎം) തങ്ങളുടെ പുതിയ ഇന്നോവ ഹൈക്രോസ് ജിഎക്സ് (ഒ) പെട്രോൾ വേരിയന്റ് അവതരിപ്പിച്ചു. പത്തിലധികം മികവുറ്റ സാങ്കേതിക വിദ്യകളും, മറ്റ് സൗകര്യപ്രദമായ സവിശേഷതകളുമായാണ് ഇന്നോവ ഹൈക്രോസിന്റെ ഏറ്റവും പുതിയ മോഡൽ പുറത്തിറക്കിയിരിക്കുന്നത്. ഇന്നോവ ഹൈക്രോസ് ജിഎക്സ് (ഒ)യ്ക്കായുള്ള ബുക്കിംഗുകൾ നേരത്തേ ആരംഭിച്ചു കഴിഞ്ഞു. ഏപ്രിൽ 15 മുതൽ ബുക്കിംഗുകൾക്കുള്ള ഡെലിവറിയും ആരംഭിച്ചു. ഫ്രണ്ട് എൽഇഡി ഫോഗ് ലാംപുകൾ, ഫ്രണ്ട് & റിയർ പാർക്കിംഗ് സെൻസറുകൾ, റിയർ ഡിഫോഗർ, ചെസ്റ്റ്നട്ട് തീമിലുള്ള ഇന്റീരിയർ, ഡാഷ് ബോർഡിലും ഡോർ പാനലുകളിലും സോഫ്റ്റ് ടച്ച് മെറ്റീരിയലുകൾ, മിഡ് ഗ്രേഡ് ഫാബ്രിക് സീറ്റുകൾ, റിയർ സൺഷേഡ്,ഓട്ടോ എസി, 10.1' ഇൻഫോടെയ്ൻമെന്റ് സിസ്റ്റം, വയർലസ് ആപ്പിൾ കാർപ്ലേ, പനോരമിക് വ്യൂ മോണിറ്റർ തുടങ്ങിയവയാണ് ഇന്നോവ ഹൈക്രോസ് പെട്രോൾ ജിഎക്സ് (ഒ) പെട്രോൾ മോഡലിന്റെ സവിശേഷതകൾ7, 8 സീറ്റർ ഓപ്ഷനുകളിൽ ബ്ലാക്കിഷ് അഗേഹ ഗ്ലാസ് ഫ്ലേക്, പ്ലാറ്റിനം വൈറ്റ് പേൾ, ആറ്റിറ്റിയൂഡ് ബ്ലാക്ക് മൈക്ക, സ്പാർക്ക്ളിംഗ് ബ്ലാക്ക് പേൾ ക്രിസ്റ്റൽ ഷൈൻ, സിൽവർ മെറ്റാലിക്, സൂപ്പർ വൈറ്റ്, അവന്ത് ഗ്രേഡ് ബ്രോൺസ് മെറ്റാലിക് എന്നീ നിറങ്ങളിലായി ജിഎക്സ് (ഒ) ഗ്രേഡ് ഉപഭോക്താക്കൾക്ക് ലഭ്യമാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.

# ഓഫറുകളുമായി സാംസങ്ങിന്റെ ഫാബ് ഗ്രാബ് ഫെസ്റ്റ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഉപഭോക്തൃ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ് തങ്ങളുടെ ഏറ്റവും വലിയ വേനൽക്കാല വിൽപ്പന; 'ഫാബ് ഗ്രാബ് ഫെസ്റ്റ്" പ്രഖ്യാപിച്ചു. സാംസങ് ഡോട്ട് കോമിലും സാംസങ് ഷോപ്പിംഗ് ആപ്പിലും എക്സ്ക്ലൂസീവ് ഷോറൂമുകളിലും കിടിലൻ ഡീലുകളുടേയും ആവേശകരമായ ക്യാഷ് ബാക്കുകളുടേയും ഓഫർ പെരുമഴയാണ് 'ഫാബ് ഗ്രാബ് ഫെസ്റ്റ്' മുന്നോട്ട് വയ്ക്കുന്നത്. ഗ്യാലക്സി എസ് സീരീസ്, ഗ്യാലക്സി സെഡ് സീരീസ്, ഗ്യാലക്സി എ സീരീസ്, സ്മാർട്ട് ഫോണുകളുടെ തെരഞ്ഞെടുക്കപ്പെട്ട മോഡലുകൾക്ക് 64% വരെ ഇളവ് ലഭിക്കും. ഗ്യാലക്സി ടാബ്ലെറ്റുകളുടേയും ആക്സസ്സറികളുടേയും തെരഞ്ഞെടുത്ത മോഡലുകൾക്ക് 77% വരെ ഇളവ് ലഭ്യമാകും. ഗ്യാലക്സി ബുക്ക് 4 സീരീസ് ലാപ്ടോപ്പുകളുടെ തെരഞ്ഞെടുത്ത മോഡലുകൾ വാങ്ങുമ്പോൾ ഉപഭോക്താക്കൾക്ക് 24% വരെ കിഴിവ് ലഭിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു.

# ആമസോണിൽ ഗ്രേറ്റ് സമ്മർ സെയിൽ

**കൊച്ചി :** ആമസോണിൽ ഗ്രേറ്റ് സമ്മർ സെയിൽ. മികച്ച ഡീലുകളും ഓഫറുകളും സ്വന്തമാക്കാനുള്ള അവസരമാണ് സമ്മർ സെയിലിലൂടെ ഒരുക്കുന്നത്. ഐസിഐസിഐ ബാങ്ക്, ബോബ്!കാർഡ്, വൺകാർഡ് ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകൾ, ക്രെഡിറ്റ് ഇഎംഐ ട്രാൻസാക്ഷൻ എന്നിവയിൽ 10% ഇൻസ്റ്റൻറ് ബാങ്ക് ഡിസ്ക്കൗണ്ട് ലഭിക്കും.

സ്മാർട്ട്ഫോണുകൾ, ഉപഭോക്തൃ ഇലക്ട്രോണിക്സ്, ഗ്രോസറി, ബ്യൂട്ടി എസ്സെൻഷ്യൽസ്, ടിവി തുടങ്ങി വിവിധ പ്രോഡക്ടുകൾ ഓഫറിൽ ലഭ്യമാകും. വൺപ്ലസ്, ഷവോമി, സാംസങ്, ടാറ്റ, എൽജി,എച്ച്പി,ലാക്മെ തുടങ്ങിയ മുൻനിര ബ്രാൻഡുകൾ നൽകുന്ന മികച്ച ഡീലുകൾ സ്വന്തമാക്കാം. ഉപഭോക്താക്കൾക്ക് 5,000 രൂപ വരെ റിവാർഡും ക്യാഷ്ബാക്ക് അവസരങ്ങളും ലഭിക്കും.

# ഇവി ചാർജിംഗ് ശൃംഖല: ഡസ്സോൾട്ട് സിസ്റ്റംസുമായി കൈകോർത്ത് സ്റ്റാറ്റിക്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ഇവി ചാർജിംഗ് ശൃംഖലയായ സ്റ്റാറ്റിക്ക് വിശ്വസനീയവും എളുപ്പത്തിൽ ഉപയോഗിക്കാൻ കഴിയുന്നതും ലാഭകരവുമായ ഇവി ചാർജിംഗ് സൗകര്യങ്ങളുടെ വികസനം ഇന്ത്യയിൽ സാധ്യമാക്കാൻ ഡസ്സോൾട്ട് സിസ്റ്റംസിൻറെ ത്രീഡി എക്സ്പെരിയൻസ് വർക്ക്സ് ഉപയോഗിക്കുന്നു. ഇതിലൂടെ സുസ്ഥിര ഗതാഗതത്തിലേക്കുള്ള ഇന്ത്യയുടെ കുതിപ്പിന് വേഗം കൂട്ടാൻ സഹായിക്കുന്ന നൂതനമായ സങ്കേതങ്ങൾ വികസിപ്പിക്കാനും സ്റ്റാറ്റിക്കിന് കഴിയും. ഉൽപ്പന്ന വികസനം, രൂപകൽപ്പന, ഉൽപ്പാദനം എന്നീ മേഖലയിൽ നേരിടുന്ന നിർണായക വെല്ലുവിളികളെ അതിജീവിക്കുകയാണ് സ്റ്റാറ്റിക് ഇതിലൂടെ ലക്ഷ്യമിടുന്നത്. വൈവിധ്യമാർന്ന ഉപഭോക്തൃ ആവശ്യങ്ങൾക്ക് അനുയോജ്യമായ ഇവി ചാർജിംഗ് സൊല്യൂഷനുകൾ വേഗത്തിൽ രൂപകൽപ്പന ചെയ്യുന്നതിനും വികസിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും ത്രീഡിഎക്സ്പെരിയൻസ് വർക്ക്സ് പ്ലാറ്റ്ഫോം ഉപയോഗിക്കുന്നതിലൂടെ സ്റ്റാറ്റിക്കിന് സാധിക്കും. ഡസ്സോൾട്ട് സിസ്റ്റംസിൻറെ ത്രീഡിഎക്സ്പെരിയൻസ് പ്ലാറ്റ്ഫോമിലെ ആപ്ലിക്കേഷനാണ് ത്രീഡിഎക്സ്പെരിയൻസ് വർക്ക്സ്.ഇന്ത്യയുടെ ഇവി ചാർജിംഗ് അനുഭവത്തെ വിപ്ലവകരമായി മാറ്റാൻ സഹായിക്കുന്ന ശക്തമായ ശൃംഖല വികസിപ്പിക്കുകയാണ് സ്റ്റാറ്റിക് ലക്ഷ്യമിടുന്നത്. ഉപയോക്താക്കളുടെ സൗകര്യവും വാങ്ങൽ ശേഷിയിലും വിട്ടുവീഴ്ച ചെയ്യാതെ കലാവസ്ഥാ മാറ്റങ്ങളെ കുറിച്ച് അവബോധമുള്ള പൊതുസമൂഹത്തെ ഇലക്ട്രിക് വാഹങ്ങളുമായി ബന്ധിപ്പിക്കാനും ഹരിതമായ ഭാവിയിലേക്ക് വഴിയൊരുക്കാനും സഹായിക്കുന്ന തരത്തിൽ ഇന്ത്യയുടെ സുസ്ഥിര ഗതാഗത ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവെപ്പാണ് ഡസ്സോൾട്ട് സിസ്റ്റംസുമായുള്ള സ്റ്റാറ്റിക്കിൻറെ പങ്കാളിത്തം സൂചിപ്പിക്കുന്നത്.

# അക്ഷയ ത്രിതീയയ്ക്ക് നേറ്റീവ് ആഭരണ ശേഖരവുമായി മിഅ ബൈ തനിഷ്ക്

**കൊച്ചി:** അക്ഷയ ത്രിതീയയ്ക്ക് ഇന്ത്യയിലെ ഫൈൻ ജുവല്ലറി ബ്രാൻഡുകളിലൊന്നായ മിആ ബൈ തനിഷ്ക് കലയിലും സംസ്ക്കാരത്തിലും ആത്മീയതയിലും നിന്നു പ്രചോദനം ഉൾക്കൊണ്ടുള്ള നേറ്റീവ് ആഭരണ ശേഖരം അവതരിപ്പിച്ചു. അതിലോലമായ സ്റ്റഡുകൾ മുതൽ പ്രൗഢഗംഭിരമായ നെക്വെയർ വരെ ഈ ശേഖരത്തിലുള്ളവയെല്ലാം 22 കാരറ്റ് റേഡിയൻറ് ഗോൾഡിൽ അതിസുന്ദരമായി കടഞ്ഞെടുത്തവയാണ്. കൂടാതെ മിആ ബൈ തനിഷ്ക് പ്രത്യേക അക്ഷയ തൃതീയ ഓഫറുകളും അവതരിപ്പിക്കുന്നുണ്ട്. അയ്യായിരം രൂപ മുതൽ ആരംഭിക്കുന്ന ഡയമണ്ട് ആഭരണങ്ങൾ ഒരെണ്ണം വാങ്ങുമ്പോൾ മൂന്നു ശതമാനവും രണ്ടെണ്ണം വാങ്ങുമ്പോൾ പത്തു ശതമാനവും മൂന്നെണ്ണം വാങ്ങുമ്പോൾ 15 ശതമാനം ഇളവ് ലഭ്യമാകും. സ്വർണാഭരണങ്ങളുടെ പണിക്കൂലിയിൽ 10 ശതമാനം ഇളവും ലഭിക്കും. ഇതിനു പുറമെ 75,000 രൂപയ്ക്ക് മുകളിലുള്ള ബിൽതുകകളിൽ ഉപഭോക്താക്കൾക്ക് 15 ശതമാനം ഇളവും ലഭിക്കും. 2024 മെയ് 12 വരെ മിആ ബൈ തനിഷ്കിൻറെ എല്ലാ റീട്ടെയിൽ ഔട്ട്ലെറ്റുകളിലും ഓൺലൈൻ ചാനലുകളിലും ഈ ഓഫറുകൾ ലഭിക്കുമെന്ന് മിആ ബൈ തനിഷ്ക് ബിസിനസ് മേധാവി ശ്യാമള രമണൻ പറഞ്ഞു.പരമ്പരാഗതവും ആധുനീകവുമായ ഡിസൈനുകളുടെ കൂടിച്ചേരലിൻറെ സാക്ഷ്യപത്രമാണ് നേറ്റീവ് ശേഖരത്തിലെ ഓരോ ആഭരണവും. ഫിൽഗ്രീ പോലുള്ള സവിശേഷവും സങ്കീർണവുമായ രൂപകല്പനകൾക്കൊപ്പം സ്പൈറൽ മോട്ടീഫുകളും സങ്കീർണമായ ജിയോമെട്രിക് മോട്ടീഫുകളും ഈ ശേഖരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ഇന്ത്യയിലുട നീളമുള്ള ഗോത്ര കലകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് മിആ ബൈ തനിഷ്ക് 22 കാരറ്റ് ശുദ്ധ സ്വർണത്തിലുള്ള നേറ്റീവ് ആഭരണശേഖരം പുറത്തിറക്കിയിരിക്കുന്നതെന്ന് ശ്യാമള രമണൻ പറഞ്ഞു.



# ഇന്ത്യയിൽ 10,000 കോടിയുടെ ടെലിവിഷൻ വിൽപ്പന ലക്ഷ്യമിട്ട് സാംസങ്

**കൊച്ചി:** രാജ്യത്തെ മുൻനിര കൺസ്യൂമർ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ് തങ്ങളുടെ പുത്തൻ എഐ ടിവികളുടെ ലോഞ്ചിനൊപ്പം ഇന്ത്യൻ വിപണിയിൽ നിന്നും 10,000 കോടി രൂപയുടെ ടെലിവിഷൻ വിൽപ്പന ലക്ഷ്യമിടുന്നു. റിപ്പോർട്ടുകൾ പ്രകാരം ഇന്ത്യയിൽ നിന്നും ഇതാദ്യമായാണ് ഒരു ടെലിവിഷൻ നിർമാണ കമ്പനി ഇത്ര വലിയൊരു നേട്ടം കൈവരിക്കുവാനൊരുങ്ങുന്നത്. എഐ ഫീച്ചറോടുകൂടിയ 8കെ നിയോ ക്യുഎൽഇഡി, 4കെ നിയോ ക്യുഎൽഇഡി, ഒഎൽഇഡി ടെലിവിഷനുകൾ അവതരിപ്പിച്ചതിലൂടെ ഈ വർഷം ഇന്ത്യൻ വിപണയിൽ മുന്നേറാൻ സാധിക്കുമെന്ന് ഞങ്ങൾക്ക് ആത്മവിശ്വാസമുണ്ട്. 2024ൽ 10000 കോടി രൂപയുടെ ടെലിവിഷൻ വിൽപ്പനയെന്ന നേട്ടം കൈവരിക്കുവാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. യഥാർത്ഥമെന്ന് തോന്നിക്കുംവിധമുള്ള പിക്ചർ ക്വാളിറ്റിയും പ്രീമിയം ഓഡിയോ ഫീച്ചറോടുംകൂടിയ ഞങ്ങളുടെ നിയോ ക്യുഎൽഇഡി 8കെ എഐ ടെലിവിഷനുകൾ സമാനതകളില്ലാത്ത കാഴ്ചാനുഭവമാണ് ഉപഭോക്താക്കൾക്ക് വാഗ്ദാനം ചെയ്യുന്നത്. സാംസങ് ഇന്ത്യ വിഷ്യൽ ഡിസ്പ്ലേ ബിസിനസ് വിഭാഗം സീനിയർ വൈസ് പ്രസിഡന്റ് മോഹൻദീപ് സിംഗ് പറഞ്ഞു. ഗവേഷണ സ്ഥാപനമായ ഓംഡിയയുടെ റിപ്പോർട്ടുകൾ പ്രകാരം 2023ൽ 21 ശതമാനം വിപണി വിഹിതത്തോടെ ഇന്ത്യയിലെ ഏറ്റവും വലിയ ടെലിവിഷൻ ബ്രാൻഡ് സാംസങ് ആണ്.പുതുതായി വിപണിയിലെത്തിയ നിയോ ക്യുഎൽഇഡി 8കെ, നിയോ ക്യുഎൽഇഡി 4കെ, ഗ്ലെയർ ഫ്രീ ഒഎൽഇഡി ടിവി മോഡലുകൾ എഐ ഫീച്ചറോടുകൂടിയാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇത് ഉപഭോക്താക്കളുടെ ജീവിത നിലവാരം തന്നെ മെച്ചപ്പെടുത്തുവാൻ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.എഐ പിക്ചർ ടെക്നോളജി, എഐ അപ്സ്കേയിലംഗ് പ്രൊ, എഐ മോഷൻ എൻഹാൻസർ പ്രൊ തുടങ്ങിയ എഐ ഫീച്ചറുകൾ സാംസങിന്റെ പുതിയ ടെലിവിഷൻ സീരീസുകളിൽ ലഭ്യമാണ്. എഐ എനർജി മോഡിലൂടെ പിക്ചർ ക്വാളിറ്റിയിൽ വിട്ടുവീഴ്ച ചെയ്യാതെ തന്നെ വൈദ്യുതി ലാഭിക്കുവാനും ഉപഭോക്താക്കൾക്ക് സാധിക്കും.

## സുഗന്ധവ്യഞ്ജനങ്ങളിലെ എഥിലീൻ ഓക്സൈഡ് ഉപയോഗം

# ആശങ്കകൾ പരിഹരിക്കണമെന്ന് ഓൾ ഇന്ത്യ സ്പൈസസ് എക്സ്പോർട്ടേഴ്സ് ഫോറം

**കൊച്ചി:** എഥിലീൻ ഓക്സൈഡിന്റെ (ഇ.ടി.ഒ) സാന്നിധ്യം മൂലം സിംഗപ്പൂരിൽ നിന്നും ഹോങ്കോങ്ങിൽ നിന്നും ഇന്ത്യൻ കറി മസാലകൾ തിരിച്ചയച്ചതുമായി ബന്ധപ്പെട്ട് വ്യാപാരരംഗത്തുണ്ടായിട്ടുള്ള ആശങ്കകൾ ദൂരീകരിക്കണമെന്ന് ഓൾ ഇന്ത്യ സ്പൈസസ് എക്സ്പോർട്ടേഴ്സ് ഫോറം (എ.ഐ.എസ് ഇ.എഫ്) വാർത്താ കുറിപ്പിൽ ആവശ്യപ്പെട്ടു.

മെഡിക്കൽ ഉപകരണങ്ങളും സുഗന്ധം വ്യഞ്ജനങ്ങൾ പോലെ ചില കാർഷികളൽപ്പന്നങ്ങളും രോഗാണു മുക്തമാക്കാൻ ഉപയോഗിക്കുന്ന എഥിലീൻ ഓക്സൈഡ് ഒരു രാസ കീടനാശിനിയല്ല. മനുഷ്യ ശരീരത്തിലും കായ്കൾ പഴുക്കുന്ന സമയത്ത് ചെടികളിലും ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. അമേരിക്കൻ പരിസ്ഥിതി സുരക്ഷ ഏജൻസി പറയുന്നതനുസരിച്ച്, ഇ.ടി.ഒ പ്രയോഗം നടത്തിയ സുഗന്ധവ്യഞ്ജനങ്ങൾ കഴിക്കുന്നതിൽ അപകടസാധ്യതയില്ല. കൂടാതെ, ഇ ടി ഒ അതിവേഗം പരിസ്ഥിതിയിൽ അലിയുന്ന ഒരു അസ്ഥിര ജൈവ സംയുക്തമാണ്. പ്രയോഗത്തിന് ശേഷം ദിവസങ്ങൾക്കുള്ളിൽ അവശിഷ്ടത്തിന്റെ അളവ് നിസ്സാരമായി കുറയും. അമേരിക്ക, കാനഡ, സിംഗപ്പൂർ തുടങ്ങി നിരവധി രാജ്യങ്ങൾ ഇടിഒ ഉപയോഗം അംഗീകരിച്ചിട്ടുണ്ട്. അവിടങ്ങളിലേക്ക് ആവശ്യാനുസരണം ഇ.ടി.ഒ ഉപയോഗിച്ച് സംസ്കരിച്ച സുഗന്ധവ്യഞ്ജനങ്ങൾ വിതരണം ചെയ്യാൻ കഴിയാതെ വന്നാൽ ആഗോള സുഗന്ധവ്യഞ്ജന വിപണിയിൽ ഇന്ത്യയെ അത് ദോഷകരമായി ബാധിക്കുമെന്നും എഐഎസ്ഇഎഫ് ചെയർമാൻ സഞ്ജീവ് ബിഷ്ത് പറഞ്ഞു.

ഇ.ടി.ഒ പ്രയോഗം സുഗന്ധവ്യഞ്ജനങ്ങളുടെ തനിമയും സ്വാദും ഗുണങ്ങളും നിലനിർത്തുന്നതിൽ ആവിയോ ചൂടോ ഉപയോഗിച്ചുള്ള ഇതര മാർഗങ്ങൾളേക്കാൾ വളരെ മികച്ചതാണ്.

അതിന്റെ ഉപയോഗം നിയമവിധേയമാക്കണമെന്ന് ഫോറം ആവശ്യപ്പെട്ടു.

ഇന്ത്യൻ സുഗന്ധവ്യഞ്ജന വ്യവസായത്തിന്റെ വിശ്വാസ്യത തകർക്കുന്ന പ്രചരണങ്ങളെ ഒന്നിച്ച് നിന്ന് ചെറുത്തു തോൽപ്പിക്കണമെന്ന് എ.ഐ.എസ്.ഇ.എഫ് അഭ്യർത്ഥിച്ചു.



# വി.ഐ.പികളുടെ ജീവൻ വെച്ച് പന്താടരുത് : കെ.ജി.എം.ഒ.എ

**കൊച്ചി:** നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ന്യായമായ അടിസ്ഥാന സൗകര്യങ്ങൾ പോലും ലഭ്യമാക്കാത്തതിനാൽ കേരളത്തിലെ സർക്കാർ ഡോക്ടർമാർ വി.ഐ.പി ഡ്യൂട്ടികൾ ബഹിഷ്ക്കരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഡ്യൂട്ടിക്കായി പരിചയ സമ്പന്നരായ ഡോക്ടർമാർക്ക് പകരം രോഗികളെ ചികിൽസിക്കാൻ രജിസ്ട്രേഷൻ പോലും ലഭിക്കാത്ത ഹൗസ് സർജന്മാരെ ചുമതലപ്പെടുത്തുന്ന നടപടി അപകടം ക്ഷണിച്ചുവരുത്തുന്നതാണെന്നും ഇത്തരം നടപടി അവസാനിപ്പിക്കണമെന്നും കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസ്സോസിയേഷൻ(കെ.ജി.എം.ഒ.എ) എറണാകുളം ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.

നിരവധി തവണ ഇത് സംബന്ധിച്ച് പരാതികൾ നൽകിയെങ്കിലും നാളിതുവരെ യാതൊരു നടപടിയും ഉണ്ടായില്ലെന്നു മാത്രമല്ല നീതി നിഷേധം ചൂണ്ടിക്കാട്ടുന്ന ഡോക്ടർമാർക്കെതിരെ അച്ചടക്ക നടപടിയുടെ വാളോങ്ങുകയാണ് ഇവർ ചെയ്യുന്നത്.

ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന മെഡിക്കൽ സംഘം വി.ഐ.പികളെയും കാത്ത് പൊരിവെയിലത്ത് മണിക്കൂറുകളോളമാണ് പാതയോരത്ത് കിടക്കേണ്ടിവരുന്നത്. മെഡിക്കൽ സംഘത്തിനുള്ള ഭക്ഷണം, വിശ്രമം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ പോലും നിരന്തരം നിഷേധിക്കപ്പെടുന്ന സാഹചര്യത്തെ തുടർന്നാണ് സർക്കാർ ഡോക്ടർമാർ വി.ഐ.പി ഡ്യൂട്ടി ബഹിഷ്കരിക്കാൻ ആരംഭിച്ചത്. സർക്കാർ ഉത്തരവിലെ ന്യായമായ അവകാശങ്ങൾ നടപ്പിലാക്കണമെന്നാണ് തങ്ങൾ ആവശ്യപ്പെടുന്നത് അത് പരിഹരിക്കാതെ തങ്ങളെ വെല്ലുവിളിച്ചുകൊണ്ട് രോഗികളെ ചികിൽസിക്കാനുള്ള രജിസ്ട്രേഷൻ പോലും ലഭിക്കാത്ത ഹൗസ് സർജന്മാരെ ഡോക്ടർമാർ എന്ന പേരിൽ വി.വി.ഐ.പി, വി.ഐ.പി ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിലൂടെ ഇവരുടെ വിലപ്പെട്ട ജീവൻ വെച്ച് പന്താടുകയാണ് ചെയ്യുന്നത്.

എന്തെങ്കിലും അത്യാഹിതം ഉണ്ടായാൽ പരിചയ സമ്പന്നരല്ലാത്ത ഹൗസ് സർജന്മാർക്കു പകച്ചു നിൽക്കാൻ മാത്രമെ കഴിയൂ.തങ്ങളെ വി.ഐ.പി ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിനെ തുടർന്ന് ഹൗസ് സർജന്മാരും ആശങ്കയിലാണ്. ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട അധികൃതർ പുനർവിചിന്തനം നടത്തണമെന്നും കെ.ജി.എം.ഒ.എ എറണാകുളം ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.



# വിപിഎസ് ലേക്ഷോറിൽ അത്യാധുനിക ലേബർ സ്യൂട്ടുകൾ തുറന്നു

**കൊച്ചി:** വിപിഎസ് ലേക്ഷോർ ഹോസ്പിറ്റലിൽ നവീകരിച്ച അത്യാധുനിക ലേബർ സ്യൂട്ട് റൂമുകൾ പ്രവർത്തനമാരംഭിച്ചു. നടി പൂർണിമ ഇന്ദ്രജിത്ത് ഉദ്ഘാടനം ചെയ്തു.

ഗർഭിണികൾക്കും നവജാതശിശുക്കൾക്കും ഏറ്റവും ഉയർന്ന ഗുണനിലവാരത്തിലുള്ള പരിചരണം ഉറപ്പാക്കുന്ന അത്യാധുനിക സൗകര്യങ്ങൾ സജ്ജീകരിച്ചിരിക്കുന്ന സ്യൂട്ടുകളിൽ അഡ്മിറ്റ് ചെയ്യുന്ന നിമിഷം മുതൽ ഡിസ്ചാർജ് വരെയുള്ള സമ്പൂർണ സേവനങ്ങളും നൽകുമെന്ന് വിപിഎസ് ലേക്ഷോർ ഹോസ്പിറ്റൽ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റും എച്ച്ഒഡിയുമായ ഡോ. സ്മിത ജോയ് പറഞ്ഞു.മെഡിക്കൽ ടീമിനൊപ്പം കുടുംബാംഗങ്ങൾക്കും പ്രസവസമയത്ത് ഗർഭിണിയ്ക്ക് ഒപ്പം നിൽക്കാൻ കഴിയും.

പ്രസവസമയത്ത് ഏത് തരത്തിലുള്ള അടിയന്തര സാഹചര്യവും നേരിടാൻ ലേബർ സ്യൂട്ടുകൾ സജ്ജമാണെന്ന് ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി കൺസൾട്ടന്റും ലാപ്രോസ്കോപ്പിക് സർജനുമായ ഡോ. ജിജി സംഷീർ പറഞ്ഞു.

ഒരു കുഞ്ഞിനെ വരവേൽക്കാൻ ഒരുങ്ങിനിൽക്കുന്ന ദമ്പതികൾക്ക് മികച്ച സേവനം ആശുപത്രിയിലെ ഒരു നില മുഴുവനും ഒരുക്കിയിട്ടുണ്ടെന്ന് വിപിഎസ് ലേക്ഷോർ ഹോസ്പിറ്റൽ മാനേജിങ് ഡയറക്ടർ എസ് കെ അബ്ദുള്ള ചൂണ്ടിക്കാട്ടി. 'മുഴുവൻ കുടുംബത്തിനും സ്വന്തം വീടുപോലെയുള്ള അന്തരീക്ഷം പ്രദാനം ചെയ്യുന്നതാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്.

സുഖപ്രസവം ആഗ്രഹിക്കുന്ന കുടുംബങ്ങളുടെ മുൻഗണനകൾ നിറവേറ്റുന്ന തരത്തിലാണ് പ്രസവ സ്യൂട്ടുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. വരും ദിവസങ്ങളിൽ, ഈ കേന്ദ്രത്തിൽ കൂടുതൽ വിപുലമായ സൗകര്യങ്ങൾ അവതരിപ്പിക്കാൻ ഞങ്ങൾ പദ്ധതിയിടുന്നു', വിപിഎസ് ലേക്ഷോർ ഹോസ്പിറ്റൽ മാനേജിങ് ഡയറക്ടർ എസ് കെ അബ്ദുള്ള പറഞ്ഞു.

ഉദ്ഘാടന ചടങ്ങിൽ സിഒഒ ജയേഷ് വി നായർ, ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ത്രേസി ജോർജ് തുടങ്ങിയവർ പങ്കെടുത്തു.

# കെ.വി.വി.ഇ.എസ് യൂത്ത് വിംഗ് ഇന്ന് ഡി.ഇ.ഒ ഓഫിസ് മാർച്ച് നടത്തും

**കൊച്ചി:** കച്ചവട നിയമങ്ങൾ പാലിക്കാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ യൂണിഫോം, പുസ്തകങ്ങൾ, ഷൂസുകൾ തുടങ്ങിയ വിൽപ്പന നടത്തുന്ന സ്കൂൾ മാനേജ്മെന്റുകൾക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നാളെ (മെയ് 06, തിങ്കൾ) വ്യാപാരികൾ ഡിഇഒ ഓഫിസിലേക്ക് പ്രതിഷേധ മാർച്ച് നടത്തും. എറണാകുളം ഗാന്ധി സ്ക്വയറിൽ നിന്നും രാവിലെ 11 ന് ആരംഭിക്കുന്ന മാർച്ച് യൂത്ത് വിംഗ് സംസ്ഥാന വൈസ് പ്രസിഡന്റ് കെ എസ് നിഷാദ് ഫ്ളാഗ് ഓഫ് ചെയ്യും. തുടർന്ന് കണയന്നൂർ താലൂക്കിലെ ഡിഇഒ ഓഫിസിനു മുന്നിൽ നടക്കുന്ന സമരം കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്യും. ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.എ.ജെ റിയാസ് മുഖ്യപ്രഭാഷണം നടത്തും.ജില്ലാ വൈസ് പ്രസിഡന്റ് എം സി പോൾസൺ മുഖ്യാതിഥിയാകും.യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം പ്രസിഡന്റ് പ്രദീപ് ജോസ് അധ്യക്ഷത വഹിക്കും.



# ത്രിദിന രാജ്യാന്തര ഫർണിച്ചർ എക്സ്പോ ഇന്ന് സമാപിക്കും

**കൊച്ചി:** അങ്കമാലി അഡ്ലക്സ് കൺവൻഷൻ സെൻററിൽ നടന്നു വരുന്ന ഫർണിച്ചർ മാനുഫാക്ച്ചറേഴ്സ് ആൻഡ് മാർച്ചൻറ് സ് വെൽഫെയർ അസോസിയേഷൻ (ഫ്യൂമ്മ) സംഘടിപ്പിക്കുന്ന ത്രിദിന രാജ്യാന്തര ഫർണിച്ചർ എക്സ്പോയായ ഫിഫെക്സ് 2024 ഇന്ന് സമാപിക്കും. വ്യവസായമന്ത്രി പി. രാജീവ് എക്സ്പോ ഉദ്ഘാടനം ചെയ്തു. കെറ്റിഡിസി ചെയർമാൻ പി.കെ ശശി മുഖ്യാതിഥിയായിരുന്നു. എംഎസ്എംഇ ജോയിൻറ് ഡയറക്ടർ ജി.എസ് പ്രകാശ് വിശിഷ്ടാതിഥിയായിരുന്നു.ഫ്യൂമ്മ സംസ്ഥാന പ്രസിഡൻറ് ടോമി പുലിക്കാട്ടിൽ അധ്യക്ഷത വഹിച്ചു. കേരളത്തിലെ ഫർണിച്ചർ നിർമാതാക്കളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ഇവരുടെ ഉൽപ്പന്നങ്ങൾ ഫ്യൂമ്മയുടെ കീഴിൽ ബ്രാൻഡ് ചെയ്ത് രാജ്യാന്തര വിപണിയിലടക്കം മാർക്കറ്റ് ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. ഫർണിച്ചർ നിർമാണത്തിന് തടി ലഭിക്കാത്തതിനാൽ ആറളം ഫാമിൽ അഞ്ഞൂറേക്കർ സ്ഥലത്ത് മഹാഗണി കൃഷി നടത്താനുള്ള പദ്ധതി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.ഫർണിച്ചർ മേഖലയിലെ ആഗോള ട്രെൻഡുകൾ, നൂതന ഉത്പന്നങ്ങൾ, പുതിയ ഡിസൈനുകൾ എന്നിവ എക്സ്പോയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഫർണിച്ചർ മേഖലയിലെ പ്രമുഖർ, പ്രമുഖ ഫർണിച്ചർ നിർമാതാക്കൾ എന്നിവരുമായി വാണിജ്യ കൂടികാഴ്ചകളും മൂന്ന് ദിവസങ്ങളിലായി നടക്കും. മുന്നൂറിലേറെ പ്രമുഖ ഫർണിച്ചർ ബ്രാൻഡുകളും 650ലേറെ സ്റ്റാളുകളും എക്സ്പോയിലുണ്ട്. 15000 ലേറെ ഫർണിച്ചർ വിദഗ്ധർ മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന എക്സ്പോയിൽ പങ്കെടുക്കുന്നുണ്ട്. നൂതന ഉത്പന്നങ്ങളുടെ അനാവരണവും നടക്കും. ബി ടു ബി മേളയിൽ പൊതുജനങ്ങൾക്ക് പ്രവേശനമുണ്ടാകില്ല.

# അസറ്റ് ഡൊമിനിയനിൽ സാംപ്ൾ അപ്പാർട്ട്മെന്റ് കൊച്ചിയിൽ



**കൊച്ചി:** അസറ്റ് ഹോംസ് നിർമിക്കുന്ന കൊച്ചി മരടിലെ അസറ്റ് ഡൊമിനിയനിൽ സാംപ്ൾ അപ്പാർട്ട്മെന്റ് തുറന്നു. ജെവി പാർട്ണർ ഡോ. ഐസക് മത്തായി, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി വെൽഫെയർ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപെഴ്സൺ ദീപ്തി സുമേഷ് എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. 2, 3 ബിഎച്ച്കെ ആഡംബര അപ്പാർട്ടുമെന്റുകളുടെ പദ്ധതിയായ അസറ്റ് ഡൊമിനിയൻ 2025 ഏപ്രിൽ മാസത്തോടെ നിർമാണം പൂർത്തിയാക്കി ഉടമകൾക്ക് കൈമാറുമെന്ന് ചടങ്ങിൽ സംസാരിച്ച അസറ്റ് ഹോംസ് മാനേജിംഗ് ഡയറക്ടർ സുനിൽ കുമാർ വി. പറഞ്ഞു.

# ആഭ്യന്തര വിമാന യാത്രക്കാരുടെ തിരക്കേറുന്നു; കൂടുതൽ നഗരങ്ങളിലേയ്ക്ക് ഇനി പറക്കാം

**കൊച്ചി:** ആഭ്യന്തര വ്യോമയാന രംഗത്തുണ്ടാകുന്ന യാത്രക്കാരുടെ വലിയ തിരക്ക് പരിഗണിച്ച് വേനൽക്കാല സമയപ്പട്ടികയിൽ കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ) മാറ്റം വരുത്തി. നേരത്തേ പ്രഖ്യാപിച്ചിരുന്ന സർവീസുകൾക്ക് പുറമേ, കൂടുതൽ പട്ടണങ്ങളിലേയ്ക്ക് കൊച്ചിയിൽ നിന്ന് ഇനി പറക്കാം. 202324 സാമ്പത്തിക വർഷത്തിലും ഒരുകോടിയിലേറെ യാത്രക്കാർ എന്ന നേട്ടവും സിയാൽ സ്വന്തമാക്കിയിട്ടുണ്ട്.മാർച്ച് 31 ന് പ്രാബല്യത്തിൽ വന്ന വേനൽക്കാല സമയക്രമത്തിൽ പ്രതിവാരം 1628 സർവീസുകളാണുണ്ടായിരുന്നത്. ഇതിൽ നിന്ന് അറുപതോളം സർവീസുകൾ വർധിച്ചിട്ടുണ്ട്. ഇവയെല്ലാം തന്നെ മെയ് ആദ്യവാരത്തോടെ പ്രവർത്തനം തുടങ്ങി. എയർ ഇന്ത്യ എക്സ്പ്രസ് പ്രതിവാരം 6 സർവീസുകൾ കൊൽക്കത്തയിലേയ്ക്ക് നടത്തുന്നു. റാഞ്ചി, ചണ്ഡിഗഡ്,വാരാണസി, റായ്പൂർ, ലക്നൗ എന്നിവിടങ്ങളിലേയ്ക്കുള്ള ഇൻഡിഗോ സർവീസുകൾക്കും തുടക്കമായി. പുണെയിലേയ്ക്ക് എയർ ഇന്ത്യ എക്സ്പ്രസും റാഞ്ചി, ബാഗ്ദോഗ്ര എന്നിവിടങ്ങളിലേയ്ക്ക് എയർ ഏഷ്യയും പുതിയ സർവീസുകൾ പ്രഖ്യാപിച്ചിട്ടുണ്ട്.ഇന്ത്യയിലെ മെട്രോ നഗരങ്ങളിലേയ്ക്കുള്ള സർവീസുകളും സിയാൽ വിർധിപ്പിച്ചു. ഏറ്റവും പുതിയ കണക്കനുസരിച്ച് ബാംഗ്ലൂരിലേയ്ക്ക് മാത്രം പ്രതിദിനം 20 സർവീസുകളുണ്ട്. ഡൽഹിയിലേയ്ക്ക് 13 ഉം മുംബൈയിലേയ്ക്ക് 10 ഉം സർവീസുകൾ പ്രവർത്തിക്കുന്നു. ലക്ഷദ്വീപിലേയ്ക്ക് മെയ് ഒന്നിന് ഇൻഡിഗോ പ്രതിദിന സർവീസുകൾ ആരംഭിച്ചു. കോഴിക്കോട്കൊച്ചി അഗത്തികൊച്ചി മേഖലയിൽ നടത്തുന്ന ഈ സർവീസിന് മികച്ച പ്രതികരണമാണ്.നിലവിൽ ആഴ്ചയിൽ 10 സർവീസുകൾ അലയൻസ് എയർ അഗത്തിയിലേയ്ക്ക് നടത്തുന്നുണ്ട്. ചെന്നൈ, ഗോവ, ഹൈദരാബാദ്, കണ്ണൂർ, തിരുവനന്തപുരം, സേലം, അഹമ്മദാബാദ് എന്നീ നഗരങ്ങളിലേയ്ക്കും കൊച്ചി വിമാനത്താവളത്തിൽ നിന്ന് സർവീസുകളുണ്ട്.



### ബാങ്കോക്കിലേയ്ക്ക് 13 സർവീസുകൾ

കിഴക്കൻ മേഖലയിലേയ്ക്ക് വിനോദസഞ്ചാരികളുടെ വർധനവ് പരിഗണിച്ച് ബാങ്കോക്ക്, കുലാലംപൂർ, സിംഗപ്പൂർ, ഹോചിമിൻ സിറ്റി എന്നിവിടങ്ങളിലേയ്ക്കുള്ള സർവീസുകൾ വർധിപ്പിച്ചിട്ടുണ്ട്. പ്രിമിയം എയർലൈനായ തായ് എയർവേസ് 3 സർവീസുകൾ ആരംഭിച്ചതോടെ ബാങ്കോക്കിലേയ്ക്ക് കൊച്ചിയിൽ നിന്നുള്ള പ്രതിവാര സർവീസുകളുടെ എണ്ണം 13 ആയി വർധിച്ചു. തായ് എയർ സുവർണഭൂമി വിമാനത്താവളത്തിലേയ്ക്കും എയർ ഏഷ്യ, ലയൺ എയർ എന്നിവ ഡോൺ മുവാംഗ് വിമാനത്താവളത്തിലേയ്ക്കുമാണ് സർവീസ് നടത്തുന്നത്. സിംഗപ്പൂരിലേയ്ക്ക് 14 ഉം കുലാലംപൂരിലേയ്ക്ക് 22 ഉം സർവീസുകളായി. ലണ്ടനിലേയ്ക്കുള്ള പ്രതിവാര സർവീസുകളുടെ എണ്ണം 3ൽ നിന്ന് 4 ആയി ഉയർത്തുമെന്ന് എയർ ഇന്ത്യ അറിയിച്ചിട്ടുണ്ട്.

### 2023,24 സാമ്പത്തികവർഷത്തിലും ഒരു കോടി യാത്രക്കാർ

2023, 24 സാമ്പത്തിക വർഷത്തിൽ 1.053 കോടി യാത്രക്കാരുമായി സിയാൽ റിക്കാർഡിട്ടു. സിയാലിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന ട്രാഫിക്കാണിത്. മുൻ സാമ്പത്തിക വർഷത്തേക്കാൾ 18 ശതമാനം വർധനവാണ് ഇക്കാര്യത്തിലുണ്ടായത്.

202324ൽ 70,203 സർവീസുകളാണ് സിയാൽ കൈകാര്യം ചെയ്തത്. 2023 കലണ്ടർ വർഷത്തിലും ഒരു കോടിയിലേയിലേറെപേർ സിയാലിലൂടെ യാത്രചെയ്തു.

ഇക്കഴിഞ്ഞ സാമ്പത്തികവർഷത്തിലെ മൊത്തം യാത്രക്കാരിൽ 55.98 ലക്ഷം പേർ ആഭ്യന്തര മേഖലയിലും 49.31 ലക്ഷം പേർ രാജ്യാന്തര മേഖലയിലും യാത്രചെയ്തു.

# പ്രൊഫഷണൽ ഡാൻസ് ഫെസ്റ്റിവൽ മെയ് 11ന്

**കൊച്ചി:** രണ്ടാമത് പ്രൊഫഷണൽ ഡാൻസ് ഫെസ്റ്റിവൽ മെയ് 11ന് എറണാകുളത്ത് കേരള ഫൈൻ ആർട്സ് ഹാളിൽ നടക്കും. കാലടി ശ്രീശങ്കരാ സ്കൂൾ ഓഫ് ഡാൻസിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ അഖില സലിം കുച്ചിപ്പുടിയും രേഷ്മ പി.ബി.ഭരതനാട്യവും അവതരിപ്പിക്കും. പ്രൊഫഷണൽ യുവ നർത്തകിമാരെ പ്രോത്സാഹിപ്പിക്കുകയാണ് ഫെസ്റ്റിവലിന്റെ ലക്ഷ്യം. കഴിഞ്ഞ 15 വർഷമായി നൃത്ത പരിശീലനം നടത്തുന്ന അഖിലയും രേഷ്മയും നാല് സോളോ ഇനങ്ങൾ വീതം അവതരിപ്പിക്കും. മെയ് 11ന് വൈകിട്ട് 5.50 ന് നടക്കുന്ന ചടങ്ങിൽ സീനിയർ ഗുരു കലാമണ്ഡലം മോഹന തുളസി ഭദ്രദീപം തെളിയിക്കും 6.00 മണിക്ക് ആരംഭിക്കുന്ന നൃത്ത പരിപാടിയിൽ ജസ്റ്റീസ് പി. എസ്. ഗോപിനാഥൻ മുഖ്യാതിഥിയായിരിക്കും. നൃത്ത പരിപാടിക്ക് ശേഷം ഡോക്ടർ സി.പി. ഉണ്ണികൃഷ്ണൻ കലാകാരികളുടെ അവതരണം വിലയിരുത്തും. തുടർന്ന് രേഷ്മയ്ക്ക് ജസ്റ്റീസ് ഗോപിനാഥനും അഖിലയ്ക്ക് ശ്യാമള സുരേന്ദ്രനും ഈ വർഷത്തെ കൾച്ചറൽ അംബാസഡർ പദവി നൽകും. കലാ സംഘാടകനായ പ്രൊഫസർ പി. വി. പീതാംബരനാണ് പ്രൊഫഷണൽ ഡാൻസ് ഫെസ്റ്റിവലിന്റെ ആശയവും ഏകോപനവും നിർവഹിച്ചിട്ടുള്ളത്. എച്ച്. ശ്രീകുമാർ (വോക്കൽ), ബാബു പള്ളുരുത്തി ( മൃദംഗം ), ഇടപ്പള്ളി എ. അനിൽകുമാർ (വയലിൻ), എ. കെ. രഘുനാഥ് (പുല്ലാങ്കുഴൽ), വി. ആർ അക്ഷര, അനില ജോഷി (നട്ടുവാങ്കം), മുരുകൻ ആലുവ, എ. എൽ. സുരേന്ദ്രൻ (ചമയം) എന്നിവർ പിന്നണിയിൽ പ്രവർത്തിക്കും. അപ്പോളോ ടയേഴ്സ് റിട്ടയേഡ് ഉദ്യോഗസ്ഥൻ കെ ടി സലിമിന്റെ മകളാണ് അഖില. റിട്ടയേഡ് ഹയർസെക്കൻഡറി അദ്ധ്യാപകൻ കെ. ബാബുവിന്റെയും ജി. രത്നകലയുടെയും മകളാണ് രേഷ്മ.

# കാഴ്ച വെല്ലുവിളി നേരിടുന്ന യുവതികളുടെ ക്യാമ്പിന് സമാപനം

**കൊച്ചി:**അകകണ്ണുകളിലെ വെളിച്ചത്തിലേക്ക് പുതിയൊരു ലോകം പകർന്ന് സൗഹൃദക്കൂട്ടത്തിൻറെ സഹവാസ ക്യാമ്പ് നവ്യാനുഭവമായി. കാഴചവെല്ലുവിളി നേരിടുന്ന യുവതികൾക്ക് വേണ്ടി നടത്തിയ പഞ്ചദിന സംസ്ഥാന തല ഹോം മാനേജ്മെൻറ് സഹവാസ ക്യാമ്പ് സമാപിച്ചു. കാഴ്ച പരിമിതിക്കാർക്ക് ഏറെ ഹൃദ്യമായ ഒരു അനുഭവമായി മാറിയിരുന്നു ഈ ക്യാമ്പ്. എറണാകുളം ജില്ലയിലെ പോത്താനിക്കാടാണ് ക്യാമ്പ് നടന്നത്. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻറ് യൂത്ത് ഫോറവും കെ എഫ് ബി വനിതാ ഫോറവും സംയുക്തമായി റോട്ടറി കൊച്ചിൻ ടൈറ്റൻസ്, റേഖ ചാരിറ്റബിൾ സൊസൈറ്റി എന്നീ പ്രസ്ഥാനങ്ങളുടെ സഹകരണത്തോടു കൂടിയാണ് ക്യാമ്പ് നടത്തിയത്.കാഴ്ച വെല്ലുവിളി നേരിടുന്ന പെൺകുട്ടികൾക്ക് വീട്ടുകാര്യങ്ങൾ നന്നായി ചെയ്യുന്നതിനുള്ള പരിശീലനവും സാമൂഹ്യ ഇടപെടലുകൾ നടത്തുന്നതിനും തങ്ങളുടെ പരിമിതികളെ അതിജീവിച്ച് പൊതുസമൂഹത്തിൽ അന്തസ്സോടെ ഇടപെടാനുള്ള ആത്മധൈര്യം ഒരുക്കുന്നത് കൂടിയാണ് ക്യാമ്പിൻറെ ലക്ഷ്യമെന്ന് സംഘാടകർ അറിയിച്ചു.സമാപന സമ്മേളനത്തിൽ ബി വിനോദ് (സംസ്ഥാന പ്രസിഡൻറ്, കെ. എഫ്. ബി. യൂത്ത് ഫോറം.) അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പി. ആർ രാജേഷ് (സംസ്ഥാന സെക്രട്ടറി, കെ. എഫ്. ബി. യൂത്ത് ഫോറം.) സി ഹബീബ് (സംസ്ഥാന പ്രസിഡൻറ്, കെ. എഫ്. ബി.)സാലി ഐസക്ക്, (കോതമംഗലം ബ്ലോക്ക് പഞ്ചായത്തംഗം),രമേഷ് ( പ്രസിഡൻറ്, റോട്ടറി കൊച്ചിൻ ടൈറ്റൻസ്) വി. ആർ വിവേക് (സി.ഇ.ഓ, റേഖാ ചാരിറ്റബിൾ സൊസൈറ്റി.) എന്നിവർ സംസാരിച്ചു



# മുഴുവൻ അധ്യാപകർക്കും എഐ പരിശീലനം നൽകുന്ന ആദ്യ സംസ്ഥാനമായി കേരളം മാറുമെന്ന് മന്ത്രി വി. ശിവൻകുട്ടി

**തിരുവനന്തപുരം:** ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (എഐ) സാധ്യതകൾ പൊതുവിദ്യാഭ്യാസ മേഖലയിൽ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കൈറ്റിന്റെ നേതൃത്വത്തിൽ നടത്തുന്ന അധ്യാപകർക്കുള്ള എഐ പരിശീലനത്തിന്റെ ആദ്യബാച്ച് പൂർത്തിയായി. സംസ്ഥാനത്ത് 71 കേന്ദ്രങ്ങളിലായി 1856 അധ്യാപകരാണ് ആദ്യ ബാച്ചിൽ പരിശീലനം പൂർത്തിയാക്കിയത്. സെക്കൻഡറിതലം തൊട്ടുള്ള 80,000 അധ്യാപകർക്ക് ഓഗസ്റ്റ് മാസത്തിനുള്ളിൽ പരിശീലനം നൽകിയതിനുശേഷം പ്രൈമറി അധ്യാപകരെക്കൂടി പരിശീലിപ്പിച്ച് 2025 ജനുവരി 1 ഓടെ മുഴുവൻ അധ്യാപകർക്കും എഐ പരിശീലനം ലഭിച്ച ആദ്യ സംസ്ഥാനമായി കേരളം മാറുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻ കുട്ടി പ്രസ്താവിച്ചു. മണക്കാട് ഗേൾസ് സ്കൂളിലെ പരിശീലന കേന്ദ്രം മന്ത്രി സന്ദർശിച്ചു. കൈറ്റ് സി.ഇ.ഒ കെ. അൻവർ സാദത്ത് സംസാരിച്ചു.

സമ്മറൈസേഷൻ, ഇമേജ് ജനറേഷൻ, പ്രോംപ്റ്റ് എൻജിനിയറിംഗ്, പ്രസന്റേഷനുകൾ, അനിമേഷനുകൾ തുടങ്ങിയവയുടെ നിർമ്മാണം, ഇവാല്യുവേഷൻ എന്നിങ്ങനെയുള്ള മേഖലകളിലാണ് കൈറ്റിന്റെ മൊഡ്യൂൾ ഉപയോഗിച്ച് അധ്യാപകർ പരിശീലനം നേടുന്നത്.




# കാലാവസ്ഥാവ്യതിയാനം: ചൂട് കൂടുന്നത് മത്സ്യസമ്പത്തിനെ ബാധിക്കുന്നു

**കൊച്ചി:** കാലാവസ്ഥാ വ്യതിയാനം മത്സ്യമേഖലയിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) മത്സ്യത്തൊഴിലാളികൾക്കിടയിൽ ബോധവൽക്കരണം നടത്തി. സിഎംഎഫ്ആർഐയുടെ നാഷണൽ ഇന്നൊവേഷൻ ഇൻ ക്ലൈമറ്റ് റെസിലന്റ് അഗ്രികൾച്ചർ പദ്ധതിയുടെ ഭാഗമായി കുഴിപ്പിള്ളി, ചെല്ലാനം പഞ്ചായത്തുകളിലാണ് ബോധവൽകരണം നടത്തിയത്. കാലാവസ്ഥാ വ്യതിയാനത്തിന് പിന്നിലെ ശാസ്ത്രം, മത്സ്യബന്ധനത്തിൽ അതിന്റെ പ്രത്യാഘാതങ്ങൾ, മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉപജീവനത്തിൽ അതിന്റെ ആഘാതം കുറയ്ക്കുന്നതിനുള്ള മാർഗങ്ങൾ എന്നിവ വിശദീകരിച്ചു.സമുദ്രോപരിതലത്തിലെ ചൂട് വർധിക്കുന്നത് മത്സ്യസമ്പത്തിന്റെ ലഭ്യതയെ സാരമായി ബാധിക്കുന്നുണ്ടെന്ന് സിഎംഎഫ്ആർഐയിലെ വിദഗ്ധർ പറഞ്ഞു. ചൂട് കൂടുന്നത് കാരണം വാണിജ്യ പ്രധാനമായ പല മത്സ്യങ്ങളും താരതമ്യേന ചൂട് കുറഞ്ഞ ഭാഗങ്ങളിലേക്ക് പാലായനം ചെയ്യുന്നതാണ് കാരണം. ചൂട് കൂടുന്നത് ഉൾനാടൻ ജലാശയങ്ങളിലെ ഓക്സിജൻ അളവ് കുറയുന്നതിനും കാരണമാകുന്നുണ്ട്. ഇത് ജലാശയങ്ങളിൽ മത്സ്യങ്ങൾ ചാകുന്നതിനും രോഗബാധ കൂടുന്നതിനും വഴിവെക്കുന്നുണ്ടെന്നും അവർ വിശദീകരിച്ചു.പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ.ഗ്രിൻസൺ ജോർജ്ജ്, സെന്റർ കോഓർഡിനേറ്റർ ഡോ.രതീഷ് കുമാർ ആർ, ഡോ. രേഷ്മ ഗിൽസ് കോപ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ എന്നിവരാണ് ബോധവൽകരണ പരിപാടിക്ക് നേതൃത്വം നൽകിയത്.മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾ മത്സ്യത്തൊഴിലാളികൾ സിഎംഎഫ്ആർഐ സംഘത്തിന് മുന്നിൽ അവതരിപ്പിച്ചു. ചൂട് കൂടുന്നത് കാരണം പിടിച്ചെടുക്കുന്ന മത്സ്യങ്ങൾ പെട്ടെന്ന് നശിക്കുന്ന സാഹചര്യമാണുള്ളത്. ഇത് പരിഹരിക്കുന്നതിനായി ചെല്ലാനം പഞ്ചായത്തിലെ മത്സ്യത്തൊഴിലാളി വനിതകൾക്ക് 37 ഐസ് പെട്ടികൾ സിഎംഎഫ്ആർഐ വിതരണം ചെയ്തു. വീശുവല, വട്ടവല, മീൻ സൂക്ഷിക്കാനുള്ള പാത്രങ്ങൾ, കാളാഞ്ചി മത്സ്യക്കുഞ്ഞുങ്ങൾ എന്നിവയും മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കൈമാറി.രണ്ട് പഞ്ചായത്തുകളിലായി നടന്ന പരിപാടികളിൽ കുഴിപ്പിള്ളി പഞ്ചായത്ത് പ്രസിഡന്റ് നിബിൻ കെ എസ്, ചെല്ലാനം പഞ്ചായത്ത് പ്രസിഡന്റ് കെ എൽ ജോസഫ്, ചെല്ലാനം മുൻ പഞ്ചായത്ത് പ്രസിഡന്റ് കെ പി പ്രസാദ്, വാർഡ് അംഗങ്ങളായ കെ കെ കൃഷ്ണകുമാർ, രാധാകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

## കെ.ജി.റ്റി.ഇ പ്രിന്റിംഗ് ടെക്നോളജി കോഴ്സുകളിലേക്ക് മെയ് 24 വരെ അപേക്ഷിക്കാം

**തിരുവനന്തപുരം:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗും സംയുക്തമായി ആരംഭിക്കുന്ന കേരള ഗവൺമെന്റ് അംഗീകാരമുള്ള ഒരു വർഷ കെ.ജി.റ്റി.ഇ പ്രീപ്രസ് ഓപ്പറേഷൻ കെ.ജി.റ്റി.ഇ പ്രസ് വർക്ക് കെ.ജി.റ്റി.ഇ പോസ്റ്റ്പ്രസ് ഓപ്പറേഷൻ ആൻഡ് ഫിനിഷിംഗ് 202425 കോഴ്സുകളിലേക്ക് അപേക്ഷിക്കുന്നതിനുള്ള തീയതി മെയ് 24 വരെ ദീർഘിപ്പിച്ചു.

അപേക്ഷകർ എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യതയോ പാസായിരിക്കണം. പട്ടികജാതി/ പട്ടികവർഗ/ മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് ആനുകൂല്യം ലഭിക്കും. ഒ.ബി.സി/ എസ്.ഇ.ബി.സി/ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിയ്ക് വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും.

തിരുവനന്തപുരം (04712474720, 2467728), എറണാകുളം (0484 2605322), കോഴിക്കോട് (04952356591, 2723666) എന്നീ കേന്ദ്രങ്ങളിലാണ് കോഴ്സ് നടത്തുന്നത്.

അപേക്ഷാ ഫോം 100 രൂപയ്ക്ക് അതത് സെന്ററിൽ നിന്നും നേരിട്ടും 135 രൂപ മണി ഓർഡറായി മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്, ട്രയിനിംഗ് ഡിവിഷൻ, സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം 24 എന്ന വിലാസത്തിൽ തപാലിലും/ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അപേക്ഷ മാനേജിംഗ് ഡയറക്ടർ, സിആപ്റ്റിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 100 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതവും അപേക്ഷിക്കാം.

വിശദവിവരങ്ങൾക്ക്: 04712474720, 04712467728. വെബ്സൈറ്റ്: www.captkerala.com. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി മെയ് 24.

### ഹൃദയ വൈകല്യങ്ങളും ഹൃദ്രോഗങ്ങളും ചികിത്സിക്കാൻ

## സാമൂഹിക സുരക്ഷാ പദ്ധതികൾ അനിവാര്യം: കാർഡിയോളജിക്കൽ സൊസൈറ്റി

**തിരുവനന്തപുരം:** സംസ്ഥാനത്തെ ഹൃദ്രോഗ വിദഗ്ധരുടെ സംഘടനയായ കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയുടെ കേരള ചാപ്റ്ററിന്റെ ത്രിദിന സമ്മേളനം ഹയാത്ത് റീജൻസിയിൽ ആരംഭിച്ചു. ഹൃദ്രോഗ വ്യാപനവും, അവയുടെ സങ്കീർണ്ണമായ സ്വഭാവവും, പ്രതിരോധം, ചികിത്സ, നിയന്ത്രണം എന്നിവയ്ക്കുള്ള അത്യന്താധുനിക വൈദ്യശാസ്ത്ര സമീപനങ്ങളും ചർച്ച ചെയ്യുന്ന സമ്മേളനത്തിന്റ ഉദ്ഘാടനം സി.എസ്. ഐ കെ പ്രസിഡന്റ് ഡോ.പി.ബി. ജയഗോപാൽ നിർവ്വഹിച്ചു.

ജന്മനായുള്ള ഹൃദയ വൈകല്യങ്ങളും ഹൃദ്രോഗങ്ങളും (ഇഒഉ) താരതമ്യേന അവഗണിക്കപെടുന്ന സാഹചര്യമുണ്ട്. ഇത്തരം ഘടനാപരമായ അസാധാരണതകൾ പരിഹരിക്കുന്നതിന് സാധാരണക്കാരെ പ്രാപ്തമാക്കുന്ന സാമൂഹിക ആരോഗ്യ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കണം. ഡോ.പി.ബി. ജയഗോപാൽ പറഞ്ഞു. ഓർഗനൈസിങ് ചെയർമാൻ ഡോ. പ്രതാപ് കുമാർ എൻ, ഓർഗനൈസിങ് സെക്രട്ടറി ഡോ. പ്രവീൺ എസ്, സയന്റിഫിക് കമ്മിറ്റി ചെയർമാൻ ഡോ. ശിവപ്രസാദ് കെ,



ഡോ.എസ്.എം. അഷ്റഫ്, ഡോ. രവീന്ദ്രൻ പി,ഓർഗനൈസിങ് സെക്രട്ടറി ഡോ. പ്രവീൺ എസ് എന്നിവർ ഹൃദ്രോഗ ചികിത്സയിലെ വിവിധ ശാസ്ത്ര പുരോഗതികൾ വിശദീകരിച്ചു.ചികിത്സാ രീതിയുടെ കൃത്യത വർധിപ്പിക്കുന്നതിൽ റോബോട്ടിക്സിന്റെ സാധ്യതകളും ചർച്ചാ വിഷയമായി.

ഹൃദയത്തിനു പുറത്തുള്ള രക്തകുഴലുകളിലെ തടസ്സങ്ങൾ നീക്കുന്ന പെരിഫറൽ ആൻജിയോപ്ലാസ്റ്റി, നൂതനമരുന്നുകൾ, കാർഡിയോജനിക് ഷോക്കുകൾ, കാർഡിയാക് ഇമേജിംഗിലെ ഏറ്റവും പുതിയ രീതികൾ, വാൾവ് മാറ്റിവെക്കൽ എന്നിവയെക്കുറിച്ച് പ്രത്യേക സെഷനുകൾ നടന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മുന്നൂറിലധികം ഹൃദ്രോഗ വിദഗ്ധർ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

